# തെങ്ങിന്റെ ചങ്ങാതിമാർ 4190 ആയി

കൊച്ചി: യന്ത്രസഹായത്തോടെ തെങ്ങിൽ കയറി തേങ്ങയും കരിക്കും ഇടുന്നതിലും സസ്യസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിലും പരിശീലനം നേടിയ തെങ്ങിന്റെ ചങ്ങാതിമാരുടെ എണ്ണം 4190 ആയി. ഈ വർഷം മാർച്ചോടെ 5000 യുവതീയുവാക്കൾക്ക് പരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലനം പൂർത്തീകരിച്ച തെങ്ങിന്റെ ചങ്ങാതിമാരുടെ ജില്ല തിരിച്ചുള്ള എണ്ണം ഇപ്രകാരമാണ് എറണാകുളം 545. കാസർഗോഡ് 177. കണ്ണൂർ 427. മലപ്പുറം 324. പാലക്കാട് 385. തൃശ്ശൂർ 462. ആലപ്പുഴ 246. ഇടുക്കി 66. കോട്ടയം 79. പത്തനംതിട്ട 74. കൊല്ലം 405. തിരുവനന്തപുരം 448. മറ്റ് സംസ്ഥാനങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മഹാരാഷ്ട്രയിൽ 20 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

ശരാശരി 40 അടിയോളം ഉയരമുള്ള തെങ്ങിൽ കയറുന്നതിന് 15 രൂപയും അതിനേക്കാൾ ഉയരമുള്ള തെങ്ങുകൾക്ക് 20 രൂപയും എന്നതാണ് ഗ്രാമപ്രദേശങ്ങളിൽ ബോർഡ് നിശ്ചയിച്ചിട്ടുള്ള വേതനം. പട്ടണങ്ങളിൽ ഇത് എല്ലാത്തരം തെങ്ങുകൾക്കും 20 രൂപയാണ്. ബോർഡിന്റെ സൗജന്യ പരിശീലനം നേടിയ ചങ്ങാതിമാർ, കർഷകരിൽ നിന്നും ഈ നിരക്കിലുള്ള വേതനം മാത്രമേ കൈപ്പറ്റാവൂ. ബോർഡ് നിജപ്പെടുത്തിയതിലും കൂടുതൽ വേതനം ഈടാക്കുന്ന ചങ്ങാതിമാരിൽ നിന്നും ബോർഡ് സൗജന്യമായി നൽകിയ തെങ്ങ് കയറ്റ യന്ത്രം തിരികെ വാങ്ങുമെന്നും, തെങ്ങിന്റെ ചങ്ങാതിമാർക്കായി ബോർഡ് ഏർപ്പെടുത്തുന്ന തുടർ ആനുകൂല്യങ്ങൾ നിഷേധിക്കുമെന്നും അധികൃതർ അറിയിച്ചു.